ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മിച്ച ബസ്സുകൾക്ക് ശരാശരി 4,25,106 രൂപ ചെലവായിട്ടുണ്ട്. ആയതിനാൽ ഒരു ബസ് ബോഡി നിർമ്മിക്കുമ്പോൾ ശരാശരി കോർപ്പറേഷന് 1,03,894 രൂപ ലാഭമുണ്ടാകുന്നുണ്ട്.

ലോ-ഫ്ളോർ ബസ്സുകൾ ലാഭത്തിലാക്കാൻ നടപടി

234 (4025) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിറ്റിയിൽ മാത്രം സർവ്വീസ് നടത്തുന്ന ലോ-ഫ്ളോർ ബസ്സുകൾ തൊട്ടടുത്ത പട്ടണങ്ങളിലേക്ക് ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ നടത്തി ലാഭത്തിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ; എങ്കിൽ എന്താണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) JnNURM പദ്ധതിയിൽ ബസ്സുകൾ നിരത്തിലിറക്കുന്നത് തിരുവനന്തപുരം, കൊച്ചി നഗരങ്ങളുടെ നവീകരണം ലക്ഷ്യമിട്ടുകൊണ്ടാണ്. അങ്ങനെ കാണുമ്പോൾ പ്രസ്തുത നഗര പരിധിയിൽപ്പെടാത്ത മറ്റു പട്ടണങ്ങളിലേക്ക് കൂടുതൽ ലോ ഫ്ളോർ-ലിമിറ്റഡ് സ്റ്റോപ്പ്, ലോ ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

235 (4024) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നുണ്ടോ ;

(ബി) റോഡപകടങ്ങളിൽ ഏറ്റവും കൂടുതൽ കാരണമാകുന്ന സ്വകാര്യ ബസുകളുടെയും ടിപ്പർ ലോറികളുടെയും വേഗത നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ബന്ധപ്പെട്ട പോലീസ് മോട്ടോർ വാഹന ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടികൾ കൈക്കൊണ്ടും ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ പരമാവധി ശ്രമിക്കുന്നുണ്ട്. നാഷണൽ ഹൈവേകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനും അപകടമുണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനുമായി ഹൈവേകളുമായി

LIBRARY ARCHIVES Kerala Legislative Assembly